# തൃത്താല ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ

2026-2027

പ്രസിദ്ധീകരിച്ചത് : 01.04.2026

# തൃത്താല ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ

2026-2027

പ്രസിദ്ധീകരിച്ചത് : 01.04.2026

# ആമുഖം

ബഹുമാന്യരെ ,

ഇന്ത്യൻ ഭരണഘടനയുടെ 73 - ഉം 74 - ഉം ഭേദഗതികളിലൂടെ നിലവിൽ വന്ന 1994 - ലെ പഞ്ചായത്ത് രാജ് ആക്ട് 272 - എ പ്രകാരം ഗ്രാമപഞ്ചായത്ത് പൊതുജനങ്ങൾക്ക് ചെയ്യുന്ന സേവനങ്ങളെക്കുറിച്ച് ഒരു പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥചെയ്യുന്നു. 2004 - ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ 17-05-2004 നിലവിൽ വന്നു. അതിന്റെ വെളിച്ചത്തിൽ ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ എന്തെല്ലാമെന്നും അത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും സേവനങ്ങൾ എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിരിക്കുമെന്നും, സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി എന്തെന്നും വിശദമാക്കുന്ന പൗരാവകാശരേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ സദ്ഭരണം നടപ്പാക്കുകയും സേവനങ്ങൾ അന്തർദേശീയ നിലവാരമുള്ള ഗുണമേന്മയോടെ പൊതു ജനങ്ങൾക്ക് നൽകുകയെന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പൗരാവകാശരേഖ 20-01-2026 തീയതിയിലെ പഞ്ചായത്ത് കമ്മറ്റി 5(1) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. ഇത് കാലാനുസൃതമായി പുതുക്കി 01-04-2026 മുതൽ പ്രാബല്യം വരുത്തി പൊതുജനങ്ങൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

തൃത്താല ഗ്രാമപഞ്ചായത്തിൽ നിന്നും നിവാസികൾക്കും അല്ലാത്തവരുമായ പൗരൻമാർക്ക് നൽകുമെന്ന് വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും അവ ലഭ്യമാക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളും ലഭ്യമാകുന്ന സമയപരിധിയും വിവരിച്ചു കൊണ്ട് ഭരണസമിതി അംഗീകരിച്ചു പ്രസിദ്ധീകരിക്കുന്നരേഖയാണു പൗരാവകാശരേഖ. ഓരോ വ്യക്തിയ്ക്കും ജനനം മുതൽ മരണം വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടേണ്ടി വരുന്നുണ്ട്. ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള ദൂരം അനുനിമിഷം ഇല്ലാതാക്കുകയും വിജ്ഞാനം വിരൽ തുമ്പിൽ എത്തി നിൽക്കുകയും ചെയ്യുന്ന വർത്തമാനകാല സാഹചര്യങ്ങളിൽ പോലും ഓഫീസ് നടപടികളെക്കുറിച്ചുള്ള അജ്ഞത നിമിത്തം ആനുകൂല്യങ്ങളും സർട്ടിഫിക്കറ്റുകളും ലഭിക്കുന്നതിന് കാലതാമസം വരികയും ചിലരെങ്കിലും ചൂഷണത്തിനുവിധേയരാകുകയും ചെയ്യുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്.

സാഹചര്യങ്ങൾക്കനുസരിച്ച് വേഗതയാർന്ന ജീവിതം സ്വായത്തമാക്കിയ നമ്മുടെ അജ്ഞതചൂഷണം ചെയ്യുന്നതിന് മറ്റൊരാൾക്കും അവസരം നൽകുവാൻ ഇടയാകാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ജനാധിപത്യത്തിൽ ജനജീവിതത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും അറിയുവാനുള്ള അവകാശവും അധികാരവും ഓരോ പൗരനുമുണ്ട്. നീതി നിർവ്വഹണത്തിനായി നിർമ്മിക്കപ്പെട്ട നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ ആവശ്യത്തിനനുസരിച്ച് വരുത്തുന്നതാണ്. ആധുനിക സംസ്കാരത്തിന്റെ ഏറ്റവും എടുത്തുപറയാവുന്ന സവിശേഷത എന്നു പറയുന്നത് നിയമപരി രക്ഷയാണ്. ഇന്നത്തെ മനുഷ്യന് ആവശ്യമായ എല്ലാ പരിരക്ഷയും ലഭിക്കുന്നത് നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കപ്പെടുന്നതുകൊണ്ടാണ്. അധികാരത്തിന്റെ ചരിത്ര ദൗത്യ നിർവ്വഹണം സാധാരണ ജനതയ്ക്ക് നീതി നിഷേധിക്കുമ്പോൾ ആർദ്ര സ്നേഹത്തിന്റെ ദർശനസാന്നിധ്യമാണ് നമുക്കാവശ്യം. നീതി നിഷേധത്തിനെതിരായ ജാഗ്രത സമൂഹത്തെ ഉദാരവത്ക്കരിക്കുന്ന വളർച്ചയായി മാറണം. നാം നമുക്കുവേണ്ടി നിർമ്മിച്ച നിയമങ്ങളുടെ ആഴമളക്കാനുള്ള നിതാന്തമായ അന്വേഷണ ശ്രമത്തിന്റെ ഫലമാണ് അറിയാനുള്ള അവകാശം.

നമുക്കു ലഭിക്കേണ്ട സേവനത്തിന് നാം പാലിക്കേണ്ട വ്യവസ്ഥകൾ അറിഞ്ഞിരിക്കുന്നത് സേവനം സമയബന്ധിതമായി ലഭിക്കുന്നതിന് സഹായകരമാകും. അതോടൊപ്പം തന്നെ നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചില്ലെങ്കിൽ പ്രതികരിക്കുന്നതിനും. തിരുമിറ്റക്കോട്ഗ്രാമപഞ്ചായത്ത് പൗരാവകാശരേഖ ഗ്രാമപഞ്ചായത്ത്നിവാസികൾക്കായി സമർപ്പിക്കുന്നു.

ഭരണസമിതിക്കുവേണ്ടി ,

**അമ്പിളി**
സെക്രട്ടറി

**ജയന്തി വിജയകുമാർ**
പ്രസിഡന്റ്

# തൃത്താല ഗ്രാമപഞ്ചായത്ത്

# THRITHALA

Grama Panchayat , Palakkad District



# തൃത്താല ഗ്രാമപഞ്ചായത്ത്

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| വാർഡുകളുടെ എണ്ണം | : | 19 |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജ് | : | തൃത്താല / പട്ടിത്തറയുടെ കുറച്ചുഭാഗം |
| ബ്ലോക്ക് പഞ്ചായത്ത് | : | തൃത്താല |
| താലൂക്ക് | : | പട്ടാമ്പി |
| ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | തൃത്താല, മേഴത്തൂർ, കൂറ്റനാട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ | : | തിരുവേഗപ്പുറ, മുതുതല, കപ്പൂർ |
| വിസ്തീർണ്ണം | : | 22.76 ച.കി.മീ |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ഭാരതപ്പുഴ |
| തെക്ക് | : | നാഗലശ്ശേരി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | ഭാരതപ്പുഴ, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | പട്ടിത്തറ ഗ്രാമപഞ്ചായത്ത് |

ജനസംഖ്യ (2011 ലെ സെൻസസ്) പുരുഷന്മാർ: 13115, സ്ത്രീകൾ: 14681, ആകെ. 27796

എസ്.സി.: പുരുഷന്മാർ - 2607, സ്ത്രീകൾ - 2647, ആകെ - 5254

എസ്.ടി.: പുരുഷന്മാർ - 7, സ്ത്രീകൾ - 12, ആകെ - 19

ജനസാന്ദ്രത: 1220/1 ച.കി.മീ.

ബി.പി.എൽ. കുടുംബം: 1 - 93, 2-73, 3-142, 4-63, 5-214, 6-125; 7-124, 8-216, 9-165, 10-125, 11-217, 12-160, 13-140, 14-140, 15-102; 16-131, 17 -

ആകെ: 2230

# ഉള്ളടക്കം


- ഗ്രാമപഞ്ചായത്ത് ഭരണസമിതി
- സെക്രട്ടറിയും ജീവനക്കാരും
- നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ
- പൊതു നിബന്ധനകൾ
- പൊതുസ്ഥാപനങ്ങൾ
- പ്രസിഡന്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ
- പഞ്ചായത്തിൽ നിന്നും ഘടക സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ
- പൗരന്റെ ചുമതലകളും കടമകളും

# ഗ്രാമപഞ്ചായത്ത് ഭരണസമിതി


**ജയന്തി വിജയകുമാർ**
പ്രസിഡണ്ട്


**സുജാത കെ.**
വൈസ് പ്രസിഡണ്ട്


**അലി പത്തിൽ**
ചെയർപേഴ്സൺ,
വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി


**പ്രിയ പി**
ചെയർപേഴ്സൺ
ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി


**അബ്ദുൾ അനീസ് കെ.വി.**
ചെയർപേഴ്സൺ,
ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി


**ഷബ്ന നിഷാദ്**
മെമ്പർ, വാർഡ് - 1


**ഫാത്തിമ എ.എം.**
മെമ്പർ, വാർഡ് - 4


**രേഖ കെ.എ.**
മെമ്പർ, വാർഡ് - 5


**പ്രീത ഒ.കെ.**
മെമ്പർ, വാർഡ് - 6


**ഗണപതി ആർ.**
മെമ്പർ, വാർഡ് - 7


**ഷിനോദ് എൻ.പി.**
മെമ്പർ, വാർഡ് - 8


**പ്രസാദ് ബാബു എ.**
മെമ്പർ, വാർഡ് - 9


**അലി. പി**
മെമ്പർ, വാർഡ് - 10


**ജയകുമാർ പി.**
മെമ്പർ, വാർഡ് - 11


**റാണി ഇ.**
മെമ്പർ, വാർഡ് - 12


**ജിഷ കെ.പി.**
മെമ്പർ, വാർഡ് - 13


**ദയാനന്ദൻ പി.പി.**
മെമ്പർ, വാർഡ് - 15


**ഉമ കെ.എൻ.**
മെമ്പർ, വാർഡ് - 18


**രഞ്ജു. പി.വി.**
മെമ്പർ, വാർഡ് - 19


**അമ്പിളി. എം**
സെക്രട്ടറി

# സെക്രട്ടറിയും ജീവനക്കാരും

| ക്രമ. നം. | പേര് | തസ്തിക | ഫോൺ |
|---|---|---|---|
| **ഗ്രാമപഞ്ചായത്ത് ഓഫീസ്** | | | |
| 1 | | സെക്രട്ടറി | |
| 2 | | അസി. സെക്രട്ടറി | |
| 3 | | ജൂനിയർ സൂപ്രണ്ട് | |
| 4 | | അക്കൗണ്ടന്റ് | |
| 5 | | സീനിയർ ക്ലർക്ക് | |
| 6 | | സീനിയർ ക്ലർക്ക് | |
| 7 | | സീനിയർ ക്ലർക്ക് | |
| 8 | | ക്ലർക്ക് | |
| 9 | | ക്ലർക്ക് | |
| 10 | | ക്ലർക്ക് | |
| 11 | | ക്ലർക്ക് | |
| 12 | | ഓഫീസ് അറ്റന്റന്റ് | |
| 13 | | ഓഫീസ് അറ്റന്റന്റ് | |
| 14 | | പി.ടി.എസ്. | |
| 15 | | ഡ്രൈവർ | |
| 16 | | ടെക്നിക്കൽ അസിസ്റ്റന്റ് | |
| 17 | | പ്രൊജക്റ്റ് അസിസ്റ്റന്റ് | |
| 18 | | ഹെൽത്ത് ഇൻസ്പെക്ടർ | |
| 19 | | പ്രേരക് | |
| 20 | | പ്രേരക് | |

## എം.ജി.എൻ.ആർ.ജി.എസ്. ഓഫീസ്

| ക്രമ. നം. | പേര് | തസ്തിക | ഫോൺ |
|---|---|---|---|
| 1 | | അക്രഡിറ്റഡ് എഞ്ചിനീയർ | |
| 2 | | ഓവർസിയർ | |
| 3 | | അക്കൗണ്ടന്റ് കം ഐടി. അസിസ്റ്റന്റ് | |
| 4 | | അക്കൗണ്ടന്റ് കം ഐടി. അസിസ്റ്റന്റ് | |
| **എഞ്ചിനീയറിംഗ് വിഭാഗം** | | | |
| 1 | | അസി. എഞ്ചിനീയർ | |
| 2 | | ഓവർസിയർ | |
| 3 | | ഓവർസിയർ | |
| 4 | | ക്ലർക്ക് | |
| **കുടുംബശ്രീ** | | | |
| 1 | | സി.ഡി.എസ്. ചെയർപേഴ്സൺ | |
| 2 | | അക്കൗണ്ടന്റ് | |
| **ബഡ്സ് സ്കൂൾ & റീഹാബിലിറ്റേഷൻ സെന്റർ** | | | |
| 1 | | ടീച്ചർ | |
| 2 | | ഹെൽപ്പർ | |

# നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം: | പേര് | പദവി | ഓഫീസ് | ഫോൺ |
|---|---|---|---|---|
| | | സെക്രട്ടറി | ഗ്രാമപഞ്ചായത്ത് | |
| | | അസി. സെക്രട്ടറി | ഗ്രാമപഞ്ചായത്ത് | |
| | | അസി. എഞ്ചിനീയർ | എൽ.എസ്.ജി.ഡി | |
| | | കൃഷി ഓഫീസർ | കൃഷിഭവൻ | |
| | | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി.ഇ.ഒ. ഓഫീസ് | |
| | | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ്. ഓഫീസ് | |
| | | ഹെഡ്മിസ്ട്രസ് | ജി.എൽ.പി.എസ്. ചാത്തന്നൂർ | |
| | | മെഡിക്കൽ ഓഫീസർ | പ്രാഥമികാരോഗ്യകേന്ദ്രം | |
| | | മെഡിക്കൽ ഓഫീസർ | ഗവ. ഹോമിയോ ഡിസ്പെൻസറി | |
| | | മെഡിക്കൽ ഓഫീസർ | ഗവ. ആയുർവ്വേദ ഡിസ്പെൻസറി | |
| | | വെറ്ററിനറി സർജൻ | ഗവ. വെറ്ററിനറി ഡിസ്പെൻസറി | |

# പൊതു നിബന്ധനകൾ

1. ഈ രേഖയിൽ സൂചിപ്പിച്ചിട്ടുള്ള സേവനങ്ങളെകുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.
2. അപേക്ഷകളും പരാതികളും ഹർജികളും രാവിലെ 10 മണി മുതൽ 1.15 മണിവരെയും ഉച്ചക്ക് ശേഷം 2 മണിമുതൽ 5 മണിവരെയും ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതാണ്.
3. എല്ലാ അപേക്ഷകൾക്കും ഹർജികൾക്കും കൈപ്പറ്റ് രശീതി നൽകുന്നതാണ്. രശീതി അപേക്ഷകർ ചോദിച്ചു വാങ്ങേണ്ടതാണ്.
4. ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കുകൾ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരം മാറ്റത്തിന് വിധേയമായിരിക്കും.
5. സേവനം ലഭ്യമാക്കുന്നതിനുള്ള പരമാവധി സമയപരിധിയാണ് ഇതിൽ കാണിച്ചിട്ടുള്ള ത്. എന്നാൽ സേവനാവകാശ നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങൾ ക്ക് സമയപരിധി നൽകിയിട്ടുള്ളതിനാൽ അവധിദിവസങ്ങളിൽ ഒഴികെയുള്ള പ്രവർ ത്തി ദിവസങ്ങളാണ്.
6. ഗ്രാമപഞ്ചായത്തിൽ നൽകേണ്ടതായ ഏതെങ്കിലും ഫീസോ നികുതിയോ കുടിശ്ശിക വരു ത്തിയിട്ടുള്ളവർക്ക് ആയത് അടവാക്കാതെ ലൈസൻസോ അനുവാദപത്രമോ നൽകുന്നതല്ല. (1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 236 (13)

7. കാലാകാലങ്ങളിൽ നിയമത്തിലും, ചട്ടങ്ങളിലും വരുന്ന മാറ്റങ്ങൾക്ക് സർക്കാർ ഉത്തരവും കൂടി ഉൾപ്പെടുത്തി ഓരോ വർഷവും ആവശ്യമെങ്കിൽ ഈ പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നതുമായിരിക്കും.
8. ഫ്രണ്ട് ഓഫീസിലെ പണമിടപാട് സമയം രാവിലെ 10 മുതൽ 1.15 മണിവരെയും ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 3 വരെയുമാണ്.

# സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

## പൊതു നിബന്ധനകൾ

1. ഈ ഓഫീസിൽ നിന്ന് ലഭിക്കേണ്ട എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന ആണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

2. ഫ്രണ്ട് ഓഫീസിന്റെ നിർദ്ദേശമില്ലാതെ മെയിൻ ഓഫീസിനകത്ത് ഉദ്യോഗസ്ഥരെ സമീപിക്കേണ്ടതില്ല.

3. ഓഫീസിൽ സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും പരാതികളിലും അപേക്ഷകന്റെ / പരാതി ക്കാരന്റെ ഫോൺ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

4. 3 മണിക്ക് ശേഷം പണമിടപാടുകൾ നടത്തുന്നതല്ല.

5. ഫ്രണ്ട് ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് രശീതി വാങ്ങേണ്ടതും പിന്നീട് അന്വേഷിക്കാനോ സേവനം കൈപ്പറ്റാനോ വരുമ്പോൾ രശീതി കൊണ്ടു വരേണ്ടതുമാണ്.

6. അപേക്ഷിക്കുന്ന ദിവസം തന്നെ സേവനം നൽകുമെന്ന് വാഗ്ദാനം ചെയ്യുന്ന സേവനങ്ങൾ ഒപ്പിടാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഓഫീസിൽ ഇല്ലാത്ത പക്ഷം തുടർന്ന് ഓഫീസിൽ ഉണ്ടാകുന്ന ദിവസം മാത്രമേ നൽകാൻ കഴിയൂ.

7. പട്ടികജാതിയിൽപ്പെട്ടവർ അപേക്ഷയിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടതില്ല. പകരം അപേക്ഷയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ടയാളാണ് എന്ന വിവരം രേഖപ്പെടുത്തിയാൽ മതി.

8. ഗ്രാമപഞ്ചായത്തിൽ നൽകേണ്ടതായ ഏതെങ്കിലും നികുതിയോ, ഫീസോ, മറ്റു കടങ്ങളോ നൽകാനുള്ള വർക്ക് ലൈസൻസോ, അനുവാദപത്രങ്ങളോ മറ്റ് സേവനങ്ങളോ നൽകുന്നതല്ല.

9. ഫീസ് ഒടുക്കേണ്ട സേവനങ്ങൾക്ക് ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ കാലാകാലങ്ങളിൽ സർ ക്കാർ ഉത്തരവ് പ്രകാരം മാറ്റത്തിന് വിധേയമായിരിക്കും. അതുപോലെ ഓരോ സേവനത്തിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം, യോഗ്യത, ഹാജരാക്കേണ്ട രേഖകൾ എന്നിവയും അതാത് സമയത്ത് സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റത്തിന് വിധേയമായിരിക്കും.

## <u>ഗ്രാമസഭ</u>

ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും അടിസ്ഥാന ശിലയാണ് ഗ്രാമ സഭ. ജന ങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക ഭരണഘടനാ സംവിധാനമാണിത്. ഒരു ഗ്രാമപഞ്ചായത്തിന്റെ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയാണ് ഗ്രാമസഭ രൂപീകരിച്ചിട്ടുള്ളത്. ഒരു നിയോജക മണ്ഡലത്തിന്റെ മുഴുവൻ സമ്മതിദായകരും ആ ഗ്രാമസഭയിലെ അംഗങ്ങളാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തംഗമാണ് ഗ്രാമസഭാ കൺവീനർ. മൂന്നുമാസത്തിലൊരിക്കൽ എന്ന കണക്കിൽ വർഷത്തിൽ 4 പ്രാവശ്യമെങ്കിലും ഗ്രാമസഭായോഗം ചേരണം. ആകെ ഗ്രാമസഭാംഗങ്ങളുടെ 10 ശതമാനം ആണ് ക്വാറം. 10 ശതമാനത്തിലധികം സമ്മതിദായകർ രേഖാമൂലം ആവശ്യപ്പെട്ടാൽ രണ്ട് സാധാരണ യോഗങ്ങൾക്കിടയിൽ ഒരു പ്രത്യേക യോഗവും ചേരേണ്ടതുണ്ട്. ഗ്രാമസഭയുടെ യോഗം 3 മാസത്തിലൊരിക്കൽ വിളിച്ചു കൂട്ടുന്നതിൽ തുടർച്ചയായി രണ്ടു തവണ വീഴ്ചവരുത്തിയാൽ ബന്ധപ്പെട്ട അംഗത്തിന്റെ അംഗത്വം നഷ്ടമാകുന്നതാണ്. വിവിധ ക്ഷേമപദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ചുമതല ഗ്രാമസഭകൾക്കാണ്. ഗ്രാമസഭ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലോ മുൻഗണനാക്രമത്തിലോ മാറ്റം വരുത്താൻ പാടില്ല.

## .വിവരാവകാശ നിയമം -2005

• പൊതു അധികാര സ്ഥാപനങ്ങളുടെകൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതി നും അഴിമതി നിർമ്മാർജനം ചെയ്യുന്നതിനുമായി രൂപം കൊടുത്ത നിയമമാണ് 2005 ലെ വിവരാവകാശ നിയമം.

• ഈ ഓഫീസിലെ മേധാവിയുടെ കൈവശമോ നിയന്ത്രണത്തിൻ കീഴിലോ ഉള്ള വിവരങ്ങൾ അറിയാൻ പൗരന്മാർക്ക് അവകാശമുണ്ട്. ഈ ഓഫീസിലുള്ള രേഖയോ പ്രമാണങ്ങളോ പരിശോധിക്കാനും രേഖയുടെയോ പ്രമാണത്തിന്റെയോ പകർപ്പോ, കുറിപ്പുകളോ എടുക്കാനും കമ്പ്യൂട്ടറിൽ ശേഖരിച്ചു വെച്ച വിവരങ്ങൾ പ്രിന്റ് ഔട്ടുകൾ, ഫ്ലോപ്പികൾ, ഡിസ്കുകൾ മുതലായ രൂപത്തിൽ പകർത്താനുമുള്ള അവകാശം ഇ◌ൗ നിയമത്തിൽ ഉൾപ്പെടുന്നു.

• വിവരങ്ങൾ ആവശ്യപ്പെടുന്ന വ്യക്തി എന്തൊക്കെ വിവരങ്ങളാണ് വേണ്ടതെന്ന് കാണിച്ച് രേഖാമൂലം അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫീസ് 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പായി അപേക്ഷയിൽ പതിപ്പിച്ചാൽ മതി. അപേക്ഷയിൽ അപേക്ഷകന്റെ തപാൽ മേൽവിലാസം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഫോൺ നമ്പർ കൂടി രേഖപ്പെടുത്തുന്നതാണ് ഉചിതം. ഒരു സാധാരണ പേജിന് (എ4) 2 രൂപയും വലിപ്പം കൂടിയ പേപ്പറിന് അതിന്റെ യഥാർത്ഥ വിലയോ പകർപ്പിന് ചെലവായ തുകയോ , സാമ്പിളുകൾ, മോഡലുകൾ, ഭൂപടങ്ങൾ, പ്ലാനുകൾ എന്നിവയ്ക്ക് അതിന്റെ യഥാർത്ഥ വിലയോ , ചെലവോ ഫീസായി കൊടുക്കണം. രേഖകൾ പരിശോധിക്കാൻ ആദ്യത്തെ ഒരു മണിക്കൂറിന് ഫീസില്ല.അതിനുശേഷമുള്ള ഓരോ മണിക്കൂറിനും (അല്ലെങ്കിൽ അതിന്റെ അംശത്തിന് ) അഞ്ച് രൂപാ വീതം അടവാക്കണം. ഫ്ലോപ്പി, സി.ഡി.മുതലായവയ്ക്ക് ഒന്നിന് 50 രൂപ അടവാക്കണം.

30 ദിവസത്തിനകം വിവരങ്ങൾ ലഭ്യമാകും. അല്ലാത്തപക്ഷം 30 ദിവസത്തിനുള്ളിൽ ഉയർന്ന തലത്തിൽ അപ്പീൽ നൽകാവുന്നതാണ്. തൃത്താല പഞ്ചായത്തിലെ വിവരാവകാശം സംബന്ധിച്ച് അധികാരികൾ താഴെ പറയുന്നവരാണ്.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ. സെക്രട്ടറി, തൃത്താല ഗ്രാമപഞ്ചായത്ത്, തൃത്താല പി.ഒ., ഫോൺ:

അസി. സ്റ്റേറ്റ് പബ്ലിക് ഇൻഫർമമേഷൻ ഓഫീസർ - ജൂനിയർ സൂപ്രണ്ട്, തൃത്താല ഗ്രാമപഞ്ചായത്ത്. തൃത്താല പി.ഒ., ഫോൺ:

അപ്പലേറ്റ് അതോറിറ്റി- ബഹു.പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ , സിവിൽസ്റ്റേഷൻ, പാലക്കാട്

**ഓംബുഡ്സ്മാൻ.**

ഓംബുഡ്സ്മാൻ എന്നത് കാര്യനിർവ്വഹണ വിഭാഗത്തിലെ സ്വതന്ത്രവും നിഷ്പക്ഷവുമായി അർദ്ധ നീതിന്യായ പരാതി പരിശോധന - പരിഹാര സംവിധാനമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 271 എഫ് മുതൽ 271 ആർ വരെ വകുപ്പുകളിലായി ഓംബുഡ്സ്മാന്റെ ഘടന, പദവി, പ്രവർത്തനം എന്നിവ വ്യവസ്ഥ ചെയ്യുന്നു. ഇതിന് പൂരകമായ ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെയും അഴിമതി, ദുർഭരണം, നിയമരാഹിത്യം എന്നിവ ഉൾപ്പെടെ ഉന്നയിക്കപ്പെടുന്ന ഏത് നടപടിയിലും ആരോപണമോ, ആക്ഷേപമോ, പരാതിയോ ഉണ്ടായാൽ അന്വേഷണം നടത്താനും തീർപ്പാക്കാനും പ്രായോഗിക പരിഹാരം നടപ്പാക്കാനും വേണ്ടിയാണ് ഓംബുഡ് സ്മാൻ സ്ഥാപിതമായിട്ടുള്ളത്. 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് നിശ്ചിത ഫോറത്തിൽ വേണം ഓംബുഡ്സ്മാൻ മുമ്പാകെ പരാതികൾ സമർപ്പിക്കേണ്ടത്.

വിലാസം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, (നാലാംനില), ട്രിഡാ ബിൽഡിംഗ്, യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം -

695034, ഫോൺ 0471 2333542, 2333541, Website: www.ombudsanlsgiker.gov.in, ombusdsmanlsgi@gmail.com

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ കേരള പഞ്ചായത്ത് രാജ് ആക്ട് 271 എസ് മുതൽ 271 യു. വരെ വകുപ്പുകളും തദനുസൃതമായ ചട്ടങ്ങളും പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾക്കെതിരായി അപ്പീൽ, റിവിഷൻ എന്നിവ പരിഗണിക്കു കയും തീർപ്പു കൽപ്പിക്കുകയുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള ട്രൈബ്യൂണ ലിന്റെ ചുമതല. ഹർജികൾ ഏത് ഉത്തരവിന് എതിരെയുള്ളതാണോ അതിന്റെ തിയ്യതി മുതൽ 30 ദിവസത്തി നകം ഫോറം സി യിൽ നൽകണം. ഹർജിയോടൊപ്പം 50 രൂപ ഫീസായി ട്രൈബ്യൂണലിന്റെ ഓഫീസിലോ തിരുവനന്തപുരത്ത് മാറാൻ കഴിയുന്ന ഡി.ഡി. ആയോ ഒടുക്കാവുന്നതാണ്.

- വിലാസം സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവോണ്ടിയുള്ള ട്രൈബ്യൂണൽ, ശ്രീമൂലം ബിൽഡിംഗ്, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 35, ഫോൺ 0471 2448394

**ഫോർ ദി പീപ്പിൾ ( For the People )**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അഴിമതി മുക്തമാക്കാനും കൂടുതൽ കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുകൊ ണ്ടാണ് ഫോർ ദി പീപ്പിൾ എന്ന പരാതി പരിഹാര സെൽ രൂപം കൊള്ളുന്നത്. പൊതു ജനങ്ങൾക്ക് മികവുറ്റ സേവനം സമയബന്ധിതമായി ലഭിക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്വജന പക്ഷപാതത്തെക്കുറിച്ചോ, സേവന ലഭ്യതയ്ക്ക് അനാവശ്യമായ കാലതാമസം നേരിടുന്നതസംബന്ധിച്ചോ, അഴിമതിയെക്കുറിച്ചോ ഉള്ള വിവരങ്ങൾ പരമാവധി തെളിവു

സഹിതം (audio, vedio ക്ലിപ്പുകൾ ഉൾപ്പെടെ)ഇതിൽ അപലോഡ് ചെയ്യാവുന്നതാണ്. തെറ്റായ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നവർക്കെതിരായി നിയമ നടപടികൾ

സ്വീകരിക്കുമെന്ന കാര്യവും ഇതോടൊപ്പം അറിയിക്കുന്നു. www. pglsgd.kerala.gov.in

## പരാതിപ്പെട്ടി

ഗ്രാമപഞ്ചായത്ത് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സുതാര്യതയും ജനപങ്കാളിത്തവും ഉറ പ്പുവരുത്തുന്നതിനുമായി പൊതു ജനങ്ങളിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളുംപരാതികളുംസ്വീകരിക്കു ന്നതിനായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സർക്കാർ നിർദ്ദേശപ്രകാരം ഒരു പാരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്.

മാസത്തിൽ ഒരിക്കൽ നിശ്ചിത തിയ്യതിയിൽ പരാതിപ്പെട്ടിയുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പെട്ടിതുറക്കുന്നതും പരാതികൾക്ക് അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം നൽകുന്നതുമാണ്. ചുമതലയു ള്ള ഉദ്യോഗസ്ഥന്റെ പേരും പെട്ടി തുറക്കുന്ന തിയ്യതിയും പരാതിപ്പെട്ടിയിൽ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

## ജാഗ്രതാസമിതി

23.06.2007ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 31/07/ സാ.ക്ഷേ.വ പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലും ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾ ക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം തുടങ്ങിയവയിൽ ഇടപെട്ട് പരിഹരിക്കാനും അത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാ കാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കും വേണ്ടി പ്രവർ ത്തിക്കാൻ ലക്ഷ്യംവെച്ച് രൂപീകരിക്കപ്പെട്ടതാണ്. സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങളും ഉത്തരവാദിത്വങ്ങളും താഴെ പറയുന്നവയാണ്.

• സ്ത്രീകളും കുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക.

• സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത് / കണ്ടെത്തി പരിഹരിക്കാനായി ഇടപെടുക.

• സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക.

• സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക. ആവശ്യമായ നിയമസഹായവും ഉപദേശവും നൽകുക.

**<u>പരാതി സ്വീകരിക്കൽ</u>**

1. രേഖാമൂലം നേരിട്ട്, 2. വാക്കാൽ, 3. പരാതിക്കാരിയുടെ പേര് വിവരം വയ്ക്കാതെ രേഖാമൂലം , 4. തപാൽ വഴി, 5. സ്വയമേവ ഏറ്റെടുക്കുന്നവ. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടാണ് സമിതിയുടെ ചെയർമാൻ. ചെയർമാന്റെ പേരിലാണ് പരാതി സമിതിക്കു മുമ്പാകെ സമർപ്പിക്കേണ്ടത്. പരാതിക്കാരന്റെ മൊബൈൽ നമ്പർ ചേർക്കേ ണ്ടതാണ്.

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അവിദഗ്ദ്ധ, അർദ്ധ വിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള, ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. സ്ഥായിയായ ദാരിദ്ര്യ ലഘൂകരണത്തിനുള്ള സാദ്ധ്യ തകളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ മുൻകാല തൊഴിൽദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

സവിശേഷതകൾ : മിനിമം കൂലി ഉറപ്പു നൽകുന്നു. പ്രവർത്തിയുടെ ആകെ ചിലവിൽ വേതന ഘടകം 60

ശതമാനത്തിൽ കുറയാൻ പാടുള്ളതല്ല. സാധന സാമഗ്രികളും വിദഗ്ദ്ധ - അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും അടക്കം 40 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിലുള്ള നിയ ന്ത്രണമുണ്ട്. വേതനത്തിന് ആനുപാതികമായി ആസ്തികൾ സൃഷ്ടിക്കണം. പദ്ധതി ആസൂത്രണത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മുഖ്യ പങ്ക്. നിർവ്വഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ മുഖേന.

**<u>വ്യവസ്ഥകളും അവകാശങ്ങളും:</u>** കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിൽ സ്ഥിര താമസക്കാരുമായിരിക്കണം. 18 വയസ്സ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായപരിധിയോ എ.പി. എൽ./ബി.പി.എൽ വിവേചനമോ ഇല്ല. ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷന് അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും. കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം. ജോലിക്ക് മുൻകൂ റായും അപേക്ഷിക്കാം. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ, തൊഴിൽ ൽകികൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം. 7ദിവസം കൂടുമ്പോഴും പരമാവധി 14 ദിവസത്തിനകവും കൂലി അനുവദിക്കേണ്ട താണ്. അല്ലെങ്കിൽ 1936 ലെ പേയ്മെന്റ് ഓഫ് വേജസ് ആക്ട് അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ട്. ആകെ തൊഴിലിന്റെ 1/3 സ്ത്രീകൾക്ക്. കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ . 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധികം കൂലി. കുടിക്കാനുള്ള വെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാസൗകര്യം, എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം. പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ. അപകടമരണം/ സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം. തൊഴിലാളികളുടെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലന സൗകര്യം (കുറഞ്ഞത് 5 പേർ). കുട്ടിക്ക് തൊഴിൽ സ്ഥലത്ത് അപകടം പറ്റിയാൽ സൗജന്യ ചികിത്സ..

## കുടുംബശ്രീ

കേവല ദാരിദ്ര്യ നിർമാർജനത്തിനായി കേരള സർക്കാർ രൂപംകൊടുത്തിട്ടുള്ള നവീന ദാരിദ്ര്യ നിർമാർജന പദ്ധതിയാണ് കുടുംബശ്രീ. പഞ്ചായത്തുതലത്തിൽ സി.ഡി.എസു (കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി) വാർഡുതലത്തിൽ എ.ഡി.എസും (ഏരിയാ ഡെവലപ്മെന്റ് കമ്മിറ്റി) അയൽക്കൂട്ടങ്ങളും അടങ്ങിയതാണ് പഞ്ചായത്തുതല ഘടന. പ്രാഥമിക ഘടകമെന്ന നിലയിൽ അയൽക്കൂട്ടം സി.ഡി.എസിൽനേടുന്ന സംഘാംഗത്വം (ഗ്രൂപ്പ് മെമ്പർഷിപ്പ് ) ആണ് അഫിലിയേഷൻ. അയൽക്കൂട്ടങ്ങൾക്ക് ആന്തരികമായ ബാങ്ക് ലിങ്കേജ് വായ്പ എന്നിവ അനുവദിക്കാവുന്നതാണ്. ഈ സംഘടനാ സംവിധാനത്തിനു ഓഡിറ്റ് നിർബന്ധമാണ്.

## കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ

അയൽക്കൂട്ടങ്ങളുടെ അഭിരുചി, കഴിവ്, താല്പര്യം എന്നിവ യെ ആശ്രയിച്ച് വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കുന്ന അംഗങ്ങൾക്ക് പ്രോത്സാഹനവും പരിശീലന വും സാമ്പത്തിക സഹായവും കുടുംബശ്രീ നല്കുന്നു.

**ബാലസഭ** : കുടുംബശ്രീ അയൽക്കൂട്ട പരിധിയിൽ വരുന്ന മുഴുവൻ കുട്ടികളുടേയും കൂട്ടമാണ് ബാലസഭ. ശി ശുകേന്ദ്രീകൃത പ്രവർത്തന പരിപാടികളിലൂടെ അവരുടെ കഴിവുകൾ വിപുലപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ഊന്നൽ നല്കുന്നത്.

**ബഡ്സ് സ്കൂൾ** : ശരീരക-ബൗധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശാസ്ത്രീയമായി പുനരധിവസി പ്പിക്കുവാൻ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുന്ന പ്രത്യേക സ്കൂളാണ് ബഡ്സ് സ്കൂൾ.

**ജന്റർ കോർണർ** : സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ പ്രശ്നങ്ങൾ തുറന്നു പറയുന്നതിനും പരിഹാരം കാണുന്നതിനുമായി കുടുംബശ്രീ, കമ്മ്യൂണിറ്റി

കൗൺസിലേഴ്സ്, സ്നേഹിത ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്ക്.

**സ്നേഹിത** : സമൂഹത്തിൽ ഒറ്റപ്പെട്ടവരും നിരാലംബരും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും താൽകാലിക അഭയവും നല്കുന്നയിടമാണ് സ്നേഹിത.

## തൃത്താല ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ

തൃത്താല ഗ്രാമപഞ്ചായത്ത്
ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങൾ
തൃത്താല ഗ്രാമപഞ്ചായത്ത് കാര്യാലയം
കൃഷിഭവൻ തൃത്താല
അസി. എഞ്ചിനിയറുടെ കാര്യാലയം
ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കാര്യാലയം
ഗവ. വെറ്ററിനറി ഡിസ്പെൻസറി,
ഗവ. വെറ്ററിനറി സബ്സെന്റർ,
ഗവ. പ്രാഥമികാരോഗ്യകേന്ദ്രം,
സബ്സെന്റർ,
ഗവ. ഹോമിയോ ഡിസ്പെൻസറി,
ഗവ. ആയുർവേദ ഡിസ്പെൻസറി,
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ കാര്യാലയം,
വില്ലേജ് ഓഫീസ്,
ഗവ. എൽ.പി. സ്കൂൾ,
ഗവ. ഹയർസെക്കണ്ടറി സ്കൂൾ,
ഗവ. എൽ.പി. സ്കൂൾ,
ഫെഡറൽ ബാങ്ക്,
തൃത്താല സർവ്വീസ് സഹകരണ ബാങ്ക്,
കേരള ഗ്രാമീൺ ബാങ്ക്,
പകൽവീട്,
ബഡ്സ് സ്കൂൾ & റീഹാബിലിറ്റേഷൻ സെന്റർ,
എം.സി.എഫ്.

# സേവന ഇനങ്ങൾ

## പ്രസിഡന്റിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

- സ്വഭാവ സർട്ടിഫിക്കറ്റ്
- ഒരു കാർഡിലും ഉൾപ്പെട്ടിട്ടില്ല എന്ന സർട്ടിഫിക്കറ്റ്
- തൊഴിൽരഹിതനാണെന്ന സർട്ടിഫിക്കറ്റ്
- ലൈഫ് സർട്ടിഫിക്കറ്റ്
- വിവാഹം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ വിവാഹിതനാണെന്ന സർട്ടിഫിക്കറ്റ്
- രജിസ്റ്റർ ചെയ്യാത്ത കേസിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ്
- പുനർവിവാഹം ചെയ്തിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ്
- കുടുംബബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിന്)
- വാസയോഗ്യമായ വീടില്ലെന്ന സർട്ടിഫിക്കറ്റ്
- സ്റ്റേജ് സർട്ടിഫിക്കറ്റ്

വെള്ളക്കടലാസിൽ പ്രസിഡന്റിന് തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം പ്രസിഡന്റിനെ നേരിൽ സമീപിച്ച് നൽകണം. 7 ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഇവയ്ക്ക് പുറമെ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ നൽകാവുന്ന മറ്റ് സർട്ടിഫിക്കറ്റുകൾക്കും പൊതുവായ പരാതികൾ എന്നിവയും പ്രസിഡന്റിന് നേരിട്ട് നൽകാവുന്നതാണ്. സ്വന്തം നിലയിൽ തീരുമാനം എടുക്കാൻ കഴിയുന്നവ അന്നേദിവസവും ഭരണസമിതി തീരുമാനം ആവശ്യമായവ 45 ദിവസത്തിനകവും തീർപ്പാക്കും. മറ്റ് അധികാര സ്ഥാനങ്ങളുടെ സേവനങ്ങൾ ആവശ്യമായ സംഗതികൾ 7 ദിവസത്തിനകം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നതുമാണ്.

## ഗ്രാമപഞ്ചായത്ത് ഓഫീസ്

പേജ് 3-20

- ജനനം / മരണം നിർജീവ ജനനം രജിസ്ട്രേഷൻ
- ദത്തെടുക്കുന്ന കുട്ടികളുടെ ജനനം രജിസ്ട്രേഷൻ
- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്
- ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ , തിരുത്തൽ
- 1970 ഏപ്രിൽ ഒന്നിന് മുമ്പുള്ള രജിസ്ട്രേഷനിൽ പേര് ചേർക്കൽ
- ജനന - മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ
- 1970 ന് മുമ്പുള്ള രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ
- ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ
- വിവാഹ രജിസ്ട്രേഷൻ ( പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ )
- ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
- വിധവ/അഗതി പെൻഷൻ
- വികലാംഗ പെൻഷൻ
- കർഷക തൊഴിലാളി പെൻഷൻ
- 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ
- തൊഴിൽ രഹിത വേതനം
- സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം
- കെട്ടിട നിർമ്മാണ പെർമിറ്റുകൾ
- വസ്തു നികുതി
- ഉടമസ്ഥാവകാശം താമസ സർട്ടിഫിക്കറ്റുകൾ നൽകൽ
- അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകൾ ഫാക്ടറി കൾ , ഇൻസ്റ്റലേഷൻ പ്രവർത്തനങ്ങൾക്ക് മുമ്പ് വാങ്ങേണ്ട അനുമതി
- വ്യാപാര - വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്
- ട്യൂട്ടോറിയൽ സമാപനങ്ങളുടെ രജിസ്ട്രേഷൻ
- തൊഴിൽകാർഡ് ലഭിക്കലും തൊഴിൽ നൽകലും

- സ്വകാര്യ ആശുപ്രതികളുടെയും മറ്റും രജിസ്ട്രേഷൻ

## website:ksmart.lsgkerala.gov.in

| സേവനം ലഭ്യമാകുന്ന ഓഫീസ് : ഗ്രാമപഞ്ചായത്ത് ഓഫീസ് | | | |
|---|---|---|---|
| ക്രമ. നം | ലഭ്യമാകുന്ന സേവനം | ഹാജരാക്കേണ്ട രേഖകൾ/ മറ്റ് നിബന്ധനകൾ | സേവനം ലഭ്യമാകുന്ന ദിവസവും അടയ്ക്കേണ്ട ഫീസും |
| 1 | ജനനം/മരണം/ നിർജീവ ജനനം രജിസ്ട്രേഷൻ (നടന്ന് 21ദിനങ്ങൾക്കകം) | ജനന/ മരണ/ നിർജീവ ജനന റിപ്പോർട്ട്. യാത്രയ്ക്കിടയിൽ സംഭവിച്ചതാണെങ്കിൽ സത്യപ്രസ്ഥാവന. അസ്വാഭാവികമരണം ആണെങ്കിൽ പോലീസ് | 7 പ്രവൃത്തി ദിനങ്ങൾക്കകം<br>ഇല്ല |
| 2 | ജനനം/ മരണം/ നിർജീവ ജനനം രജിസ്ട്രേഷൻ<br><br>(നടന്ന് 21 ദിനങ്ങൾക്കു ശേഷം 30ദിനങ്ങൾക്കകം) | ജനന/മരണ/നിർജീവ ജനന റിപ്പോർട്ട്. രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിച്ചുകൊണ്ട് കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അസ്വാഭാവികമരണം ആണെങ്കിൽ പോലീസ് റിപ്പോർട്ട് | 7 പ്രവൃത്തി ദിനങ്ങൾക്കകം<br>ലേറ്റ് ഫീ 2 രൂപ |
| 3 | ജനനം/മരണം രജിസ്ട്രേഷൻ (30 ദിനങ്ങൾക്കു | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി | 7 പ്രവൃത്തി ദിനങ്ങൾക്കകം |

| | | | |
|---|---|---|---|
| | ശേഷം ഒരു വർഷത്തിനകം) | അപേക്ഷ സമർപ്പിക്കേണ്ടതാണ്.നോൺ എവൈലബിലിറ്റി സർട്ടിഫിക്കറ്റ്/ജനന മരണം താമസിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള സത്യവാങ്മൂലം എന്നിവ സമർപ്പിക്കേണ്ടതാണ് | 5 രൂപ (ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി ലഭിച്ചശേഷം) |
| 4 | ജനനം/മരണം രജിസ്ട്രേഷൻ ( ഒരുവ വർഷത്തിനു ശേഷം) | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് .നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, സബ് ഡിവിഷണൽ മജിസ് ട്രേറ്റിന്റെ അനുമതി | 7 പ്രവൃത്തി ദിനങ്ങൾക്കകം<br>10 രൂപ |
| 5 | വിദേശത്തു നടന്ന ജനനം രജിസ്ട്രേഷൻ (60 ദിവസത്തിനകം) | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് .ജനന റിപ്പോർട്ട് ഏത് സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേ ശിക്കുന്നു എന്നത് സംബന്ധിച്ച് 200 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം | 7 പ്രവൃത്തി ദിനങ്ങൾക്കകം<br>ഇല്ല |

| | | | |
|---|---|---|---|
| | | മാതാപിതാക്കളുടെ യും കുട്ടിയുടെയും പാസ്പോർട്ടിന്റെ പകർപ്പ് കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് ഇന്ത്യൻ കോൺസിലേറ്റിന്റേ ത്) | |
| | | | |
| 6 | വിദേശത്തു നടന്ന ജനനം രജിസ്ട്രേഷൻ (ജനനത്തിയതി മുതൽ 60 ദിവസത്തിനുശേ ഷം 1 കൊല്ലം വരെ) | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാ ണ് .മുകളിലെ 1,2,3,4 നമ്പർ പ്രകാരമുള്ള രേഖ വൈകിയതിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ് - നോട്ടറി ഗസറ്റഡ് ഓഫീ സർ അറ്റസ്റ്റ് ചെയ്തത് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് കരസ്ഥമാക്കണം ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി(1 കൊല്ലം വരെ) സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി (1 കൊല്ലത്തിനു | 7 പ്രവർത്തി ദിവസങ്ങൾക്ക കം<br>1 വർഷം വരെ 5 രൂപ<br>1 വർഷത്തിനു ശേഷം 10 രൂപ |

| | | | |
|---|---|---|---|
| | | ശേഷം) | |
| 7 | ദത്തെടുക്കുന്ന കുട്ടികളുടെ ജനനം രജിസ്ട്രേഷൻ | ജനന റിപ്പോർട്ട് ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ് മാതാപിതാക്കളുടെ താമസസ്ഥലം തെളിയി ക്കുന്ന രേഖകൾ | 15 പ്രവർത്തി ദിവ് സങ്ങൾക്കകം<br>21 ദിനത്തിനകം ഫീസില്ല<br>21 ദിനം-1 വർഷം 5 രൂപ<br>1 വർഷത്തിനു ശേഷം 10 രൂപ |
| 8 | കോടതി ഉത്തരവ് മുഖേനയല്ലാതെ ദത്തെ ടുക്കുന്ന കുട്ടികളുടെ ജനനം രജിസ്ട്രേഷൻ | ജനന റിപ്പോർട്ട് വിശ്വസനീയരായ 2 വ്യക്തികളിൽ നിന്നുള്ള സത്യപ്രസ്താവന മാതാപിതാക്കളുടെ താമസസ്ഥലം തെളി യിക്കുന്ന രേഖകൾ (റേഷൻ കാർഡ് ഇല ക്ഷൻ തിരിച്ചറിയൽ കാർഡ്) എസ്.എസ്.എൽ.സി. ബുക്കിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്<br><br>ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി 30 ദിവസം മുതൽ (1 കൊല്ലം വരെ) സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ | 7 പ്രവർത്തി ദിവസങ്ങൾക്ക കം<br>21 ദിനത്തിനകം ഫീസില്ല<br>21 ദിനം-1 വർഷം 5 രൂപ<br>1 വർഷത്തിനു ശേഷം 10 രൂപ |

| | | | |
|---|---|---|---|
| | | അനുമതി (1 കൊല്ലത്തിനു ശേഷം) | |
| | | | |
| 9 | ജനന മരണ രജിസ്ട്രേഷൻ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജനനം മരണം നടന്ന സ്ഥലം, താമസ സ്ഥലം എന്നിവ തെളിയിക്കുന്ന രേഖകൾ ജനനം / മരണം സംബന്ധിച്ച് മതിയായ രേഖകൾ ലഭ്യമല്ലെങ്കിൽ പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>തിരച്ചിൽ ഫീസ് വർഷത്തേയ്ക്ക് 2 രൂപ, സർട്ടി. ഫീ 2 രൂപ |
| 10 | ജനന-മരണ സർട്ടിഫി ക്കറ്റ് ലഭിക്കൽ | സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാണ് | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>തിരച്ചിൽ ഫീസ് വർഷത്തേയ്ക്ക് 2 രൂപ, സർട്ടി. ഫീ 2 രൂപ |
| 11 | ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ (ജനനം | അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി | 7 പ്രവർത്തി ദിവസങ്ങൾക്കകം |

| | | | |
|---|---|---|---|
| | രജിസ്റ്റർ ചെയ്ത സമയത്തോ സ്കൂളിൽ ചേർക്കുന്നതിന് മുമ്പോ പേര് ചേർത്തിട്ടില്ലെങ്കി ൽ) | അപേക്ഷ സമർപ്പിക്കേണ്ടതാ ണ്. മാതാപിതാക്കളുടെ സംയുക്ത അപേക്ഷ മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖകൾ | 1 വർഷത്തിന് ശേഷം 5 രൂപ |
| 12 | ജനനരജിസ്ട്രേഷ നിൽ പേര് ചേർക്കൽ (കുട്ടിയുടെ ജനനതിയ തിയും സ്കൂൾ രേഖ യിലെ ജനനതീയതിയും തമ്മിൽ പത്തു മാസത്തി വ്യത്യാസം ഉള്ളപ്പോൾ ജില്ലാ രജി സ്ട്രാറിൽ നിന്നുള്ള അനുമതി) | 1. അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാ ണ്. ജില്ലാ രജിസ്ട്രാർക്കും തദ്ദേശ<br>2.സ്കൂൾ രേഖയുടെ ശരിപ്പകർപ്പ്<br>3.ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം<br>4.ജനനക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനത്തീയതി, വയസ് തെളിയി ക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് സ്കൂൾ രേഖ എന്നിവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. | 15 പ്രവർത്തി ദിവസങ്ങൾക്ക കം<br>ജില്ലാ രജിസ്ട്രാറിൽ അനുമതി ലഭിച്ചശേഷം 5 രൂപ |
| | | | |

| | | | | |
|---|---|---|---|---|
| 13 | ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ (സ്കൂളിൽ ചേർത്തതിന് ശേഷം പേര് ചേർക്കുന്ന സംഗതികളിൽ) | 1. അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>2. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖകൾ<br>4. ജനനക്രമ സാക്ഷ്യപത്രം<br>5 ക്രമനമ്പർ സേവനയിനം 12 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ടെങ്കിൽ ആയത് പാലിക്കണം | 7 പ്രവർത്തി ദിവസങ്ങൾക്കകം | 5 രൂപ |
| 14 | ജനനരജിസ്ട്രേഷനിൽ പേര് ചേർക്കൽ സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ | 1. അപേക്ഷ കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br><br>2. അപേക്ഷയിൽ ഒപ്പുവച്ചിരിക്കുന്നവരുടെ തിരിച്ചറിയൽ രേഖകൾ<br>3. മാതാപിതാക്കളുടെയും കുട്ടിയുടെയും പേര് തെളിയിക്കുന്നതിനു | 7 പ്രവർത്തി ദിവസങ്ങൾക്കകം | 5 രൂപ |

| | | | |
|---|---|---|---|
| | | ഉള്ള ആധികാരിക രേഖകൾ | |
| 15. | സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ജനന രജിസ്റ്ററിൽ ചേർത്ത് പേര് സ്കൂൾ രേഖയിലെ പോലെ തിരുത്തൽ | 1. തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹ ചര്യം വ്യക്തമാക്കി കൊണ്ട് കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. സ്കൂൾ രേഖ<br>3. തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ സത്യവാങ്മൂലം | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>5 രൂപ |
| 16 | 1970 ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്<br>3. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനനത്തീയതി, ജന നക്രമം, ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>ചീഫ് രജിസ്ട്രാറിൽ നിന്ന് അനുമതി ലഭിച്ച് 5 രൂപ |
| | | | |

| | | | |
|---|---|---|---|
| 17 | ജനന-മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ<br><br>മാതാപിതാക്കളുടെ പേരുകൾ അവരുടെ സ്കൂൾ രേഖ പോലെ തിരുത്തുന്നതാണ്.<br><br>മേൽവിലാസം മറ്റൊരു മേൽ വിലാസമായി തിരുത്തുന്നതല്ല.<br><br>വിളിപ്പേരുകൾ അലിയാസ് ചേർത്ത് നൽകുന്നതാണ്.<br><br>ഗസ്റ്റ് വിജ്ഞാപനം വഴി മാറ്റി മാറ്റിയ പേരുകൾ ചേർക്കുന്നതല്ല. | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. ജനനം/മരണം റിപ്പോർട്ട് ചെയ്ത അധികാരിയുടെ തിരുത്തൽ കത്ത്<br>3. മാതാപിതാക്കളുടെയോ രജിസ്റ്റർ ചെയ്ത ആളുടെയോ പേര്, വിലാസം എന്നിവ തിരു ത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>4. സ്കൂൾ രേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്/ ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്<br>5. വിശ്വസനീയമായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്ത ലുകൾക്ക്)<br>6. മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ്<br>7. തെളിവുകൾ | 7 പ്രവർത്തി ദിവസങ്ങൾക്കകം<br><br>ഇല്ല |

| | | | |
|---|---|---|---|
| | | രജിസ്ട്രാർക്ക് ബോധ്യം വരത്തക്ക വിധത്തിൽ ആയിരിക്കണം<br>8. കുട്ടിയുടെ പേരിലെ ഇനിഷ്യ വർദ്ധിപ്പിക്കുന്നതിന് 100 മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം<br><br>9. ജനനസമയത്ത് ചേർത്ത് ഓമന പേര് മാറ്റി നൽകാൻ അപേക്ഷിക്കാവുന്നതാണ്. 10. തിരുത്തൽ വരുത്തേണ്ട വസ്തുതകളെ സംബന്ധിച്ച സത്യപ്രസ്താവനയും രേഖകളും. | |
| 18 | 1970 ന് മുമ്പുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾക്കുള്ള അനുമതി | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററിന്റെ പ്രസക്തഭാഗത്തിന്റെ ശരിപ്പകർപ്പ്<br>3. സ്കൂൾ രേഖയുടെ ശരിപ്പകർപ്പ്<br>4. ജനനക്രമം,വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം<br>5. ഒരു പേര് | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>ഇല്ല |

| | | | |
|---|---|---|---|
| | | മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ നിന്നുള്ള സാക്ഷ്യപത്രം.<br>6. വിശ്വസനീയമായ രണ്ട് വ്യക്തികളുടെ ഡിക്ലറേഷൻ<br>7. ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി തിരുത്തൽ കത്തും ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് ജെനക് രജിസ്റ്ററിലെ സാക്ഷ്യപ്പെടുത്തിയ പകർപ്പും<br>8. തിരുത്തപ്പെടേണ്ട വിവരം തെളിയിക്കുന്ന മറ്റ് ആധികാരികരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ | |
| | | | |
| 19 | ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 15 ദിവസത്തിനുള്ളിൽ) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. വയസ് തെളിയിക്കുന്ന രേഖകൾ<br>3. വരന്റെ വധുവിന്റെ | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>ഇല്ല |

| | | | |
|---|---|---|---|
| | | ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ | |
| 20 | ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ ദിവസങ്ങൾക്കകം<br>3. വയസ് തെളിയിക്കുന്ന രേഖകൾ<br>4. വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>ഇല്ല |
| 21 | ഹിന്ദു വിവാഹ നിയമം വിവാഹ രജിസ്ട്രേഷൻ (വിവാഹം നടന്ന് 30 ദിവസങ്ങൾക്ക് ശേഷം) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2.വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ<br>3. പേര്, വയസ് | ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച 15 പ്രവർത്തി ദിവസങ്ങൾക്കകം |

| | | | |
|---|---|---|---|
| | | തെളിയിക്കുന്ന രേഖകൾ<br>4. വരന്റെ വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ/ പങ്കാളി മരണപ്പെട്ടതിന്റെ രേഖ<br>5. കാലതാമസം മാപ്പാക്കുന്നതിന് സംയുക്ത അപേക്ഷ<br>6. വിവാഹം നടന്നത് സംബന്ധിച്ച തെളിവ് | ഇല്ല |
| 22 | ഹിന്ദു വിവാഹ രജിസ്ട്രേഷനിലെ തിരുത്തലുകൾ | 1 കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ.<br>2 വിവാഹ രജിസ്ട്രേഷന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ്<br>3. ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖ കളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് 4 പേരിൽ വന്ന തെറ്റ് തിരുത്തുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം | 7 പ്രവർത്തി ദിവസങ്ങൾക്കകം<br>ഇല്ല |

| | | | |
|---|---|---|---|
| 23 | | | |
| | ഹിന്ദു വിവാഹ സർട്ടിഫിക്കറ്റ് | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ 2. 20 രൂപയുടെ മുദ്രപത്രം (ആവശ്യമുണ്ടെങ്കിൽ മാത്രം) | 7 പ്രവർത്തി ദിവസങ്ങൾക്കകം |
| | | | 10 രൂപ |
| 24 | വിവാഹം നടന്ന് 5 കൊല്ലത്തിനകം ഉള്ള രജിസ്ട്രേഷൻ (2008 ലെ കേരള പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. അക്ഷയ കേന്ദ്രം വഴിയുള്ള ഓൺലൈൻ സേവനം ഉപയോഗപ്പെടുത്തണം<br>2. വയസ് തെളിയിക്കുന്ന രേഖകൾ<br>3. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ സാക്ഷ്യപത്രം വിവാഹം കഴിഞ്ഞ് അല്ലെങ്കിൽ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫാറം നമ്പർ 2) | 7 പ്രവർത്തി ദിനങ്ങൾക്കകം |
| | | | ഫീസ് 100 രൂപ BPL/ എസ്.സി. 10 രൂപ<br>സർട്ടി ഫീസ് -20<br>വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞാൽ 100 രൂപ പിഴ |
| 25 | വിവാഹം നടന്ന് 5 വർഷത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ (2008 ലെ കേരള | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. രജിസ്ട്രാർ ജനറലിനുള്ള | രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിച്ച ശേഷം |

| | | | |
|---|---|---|---|
| | പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ) | അപേക്ഷ<br>3. വയസ് തെളിയിക്കുന്ന രേഖകൾ<br>4. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ സാക്ഷ്യ പത്രം അല്ലെങ്കിൽ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫാറം നമ്പർ 2) | രജിസ്ട്രേഷൻ ഫീസ് 100 രൂപ<br>പിഴ - 250 രൂപ<br>സർട്ടി. ഫീസ് -20 (അധിക സർട്ടി. 25 രൂപ) |
| | | | |
| 26 | വിവാഹ രജിസ്ഷനിലെ തിരുത്തലു കൾ (പേര്, വയസ്, തീയതി മുതലായ സാരവത്തായവ സംഗ തികളിൽ ഒഴിച്ച്) | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുക ളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്ന തിനുള്ള ആധികാരിക രേഖകൾ<br>3. ഫീസ് അടച്ച വിവരങ്ങൾ | 5 പ്രവർത്തി ദിവസങ്ങൾക്ക കം<br><br>ഫീസ് 100 രൂപ ക്ലറിക്കൽ പിശകുകൾക്ക് ഫീസില്ല |
| 27 | വിവാഹ രജിസ്റ്ററിലെ പേര്, വയസ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ | 1. കെ സ്മാർട്ട് വഴി ഓൺലൈനായി അപേക്ഷ<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ | 7 പ്രവർത്തി ദിവസങ്ങൾക്ക കം<br><br>100 രൂപ |